പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2313 15.07.2011 ൽ മറുപടിക്ക്

## കച്ചേരിക്കടവ്, ചക്കാലക്കടവ് പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ) പുതുക്കാട് മണ്ഡലത്തിലെ കച്ചേരിക്കടവ്, ചക്കാലക്കടവ് (വാസുപുരം കടവ്) പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ; | (എ)ചക്കാലക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. കച്ചേരിക്കടവ് പാലം നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഇതിന്റെ അപ്രോച്ച് റോഡിന്റെ ഒരു ഭാഗം വനം വകുപ്പിന്റെ കൈവശമുള്ള സ്ഥലമായതിനാൽ ആയത് പൊതുമരാമത്ത് വകുപ്പിലേക്ക് കൈമാറിക്കിട്ടുന്നതിനു വേണ്ടി ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് പൊതുമരാമത്തു വകുപ്പു ഉദ്യോഗസ്ഥരും ഫോറസ്റ്റ് അധികൃതരും തമ്മിൽ ജോയിന്റ് ഇൻസ്പെക്ഷൻ കഴിഞ്ഞ് മേൽനടപടികൾക്കായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇവയുടെ നിർമ്മാണം പൂർത്തിയാക്കി പാലം എന്ന് തുറക്കാനാകും എന്ന് അറിയിക്കുമോ ? | (ബി)ചക്കാലക്കടവ് പാലത്തിന്റേയും കച്ചേരിക്കടവ് പാലത്തിന്റേയും ഇപ്പോൾ നടന്നുവരുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായ ശേഷം നിർമ്മാണ പ്രവൃത്തികൾ തുടങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ